# സ്വത്വവും പ്രതിനിധാനവും സാഹിത്യത്തിൽ (മനോജ് വെങ്ങോലയുടെ തെരഞ്ഞെടുത്ത ചെറുകഥകളെ ആസ്പദമാക്കിയ പഠനം)

ഡോ. രശ്മി എൻ.

**സംഗ്രഹം :**

ജനാധിപത്യകാലത്ത് കീഴാളജനത നേരിടുന്ന സ്വത്വപ്രതിസന്ധികൾ സാഹിത്യം പലപ്പോഴും കൈകാര്യം ചെയ്തിട്ടുണ്ട്. എന്നാൽ മുഖ്യധാരാസാഹിത്യം ഇവർക്കിന്നും കൈപ്പാടകലെയാണെന്ന് പറയുന്ന സാഹിത്യകൃതികളും മലയാളത്തിലുണ്ട്. ഇത്തരത്തിൽ കീഴാളജനത നേരിടുന്ന സ്വത്വപ്രതിസന്ധികളെ മനോജ് വെങ്ങോലയുടെ തെരഞ്ഞെടുത്ത കഥകളെ മുൻനിർത്തി തയ്യാറാക്കിയതാണ് ഈ പ്രബന്ധം. പ്രകൃതി, സമൂഹം, ഇതരജീവജാലങ്ങൾ, അതിജീവനം, ആയുധപ്രയോഗം, വൈദേശികചരിത്ര ബോധം എന്നിങ്ങനെ മനുഷ്യചരിത്രത്തിലെ വൈവിധ്യങ്ങൾ ഇദ്ദേഹത്തിൻറെ പല കഥകളും ചർച്ച ചെയ്യുന്നുണ്ട്. കഥാപാത്രങ്ങളിലൂടെ സമൂഹത്തിലെ പല അനീതികളും അസമത്വങ്ങളും മുഖ്യധാരാസമൂഹവും സാഹിത്യവും ഒളിച്ചുകടത്തുന്ന അയിത്തവും ഈ കഥകളിലൂടെ എഴുത്തുകാരൻ അടയാളപ്പെടുത്തുന്നുണ്ട്. കീഴാള സ്വത്വപ്രതിസന്ധി അടയാളപ്പെടുത്തുന്നത് എപ്രകാരമെന്ന് അന്വേഷിക്കുന്നതോടൊപ്പം അതിനുപയോഗിക്കുന്ന ഭാഷാപ്രയോഗങ്ങളിലും ആഖ്യാനരീതികളിലും എഴുത്തുകാരൻ സ്വീകരിച്ചിരിക്കുന്ന രചനാശൈലികളെയും പ്രബന്ധം വിശകലനവിധേയമാക്കുന്നു.

**താക്കോൽ വാക്കുകൾ :**

കീഴാള ഭാഷ, ദളിത് ജീവിതം, ഭാഷയുടെ രാഷ്ട്രീയം, സ്വത്വപ്രതിസന്ധി

**പ്രവേശിക**

മനുഷ്യൻ സമൂഹജീവിയായി ആശയവിനിമയത്തിന് ഭാഷ ഉപയോഗിച്ചു തുടങ്ങിയ കാലം മുതൽ തന്നെ കഥയും ഉണ്ടായിരുന്നു. എന്തുണ്ടായി എന്നതിൻറെ വിവരണം മുതൽ എന്തുണ്ടാകുമെന്നതിൻറെ കെട്ടിച്ചമച്ച സംസാരം വരെ കഥയുടെ പ്രാരംഭരൂപങ്ങളായി പരിഗണിക്കാം. കഥയുടെ അവതരണത്തിന്/ആഖ്യാനത്തിന് ഭാഷ ആവശ്യമാണ്. ഏതുരീതിയിലുള്ള ഭാഷ വേണമെന്നത് എഴുത്തുകാരൻറെ തിരഞ്ഞെടുപ്പുകളിൽപ്പെടുന്നു. അതിനാൽ സൃഷ്ടിയെ മികച്ചതും ആകർഷണീയവുമാക്കുന്നതിൽ ഭാഷയും ആഖ്യാനരീതിയും പ്രധാന പങ്കുവഹിക്കുന്നുവെന്ന് പറയാം.

രണ്ടായിരമാണ്ടിൻറെ ആദ്യപാദങ്ങളിൽ മലയാള ചെറുകഥാരംഗത്തേക്ക് കടന്നുവന്ന എഴുത്തുകാരനാണ് മനോജ് വെങ്ങോല. ഉത്രം കാവടി മഹോത്സവം, വെയിൽ വിളിക്കുന്നു, പറയപ്പതി, പൊറള് തുടങ്ങിയ ചെറുകഥാസമാഹാരങ്ങളും പായ എന്നൊരു ഓർമ്മക്കുറിപ്പും അദ്ദേഹത്തിൻറെ പ്രധാന കൃതികളാണ്. ദളിത് ജനതയുടെ ജീവിതം ഭാഷ, ആചാരങ്ങൾ, സംസ്കാരം തുടങ്ങി കീഴാളജീവിതത്തിൻറെ യഥാതഥമായ അവതരണം ഇദ്ദേഹത്തിൻറെ കഥകളുടെ മുഖമുദ്രയാണ്. പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളെ ഭാവനയുടെ കൂട്ടിച്ചേർക്കലുകളില്ലാതെ അവതരിപ്പിക്കുന്ന ചെറുകഥകളോരോന്നും വായനക്കാരനെ ചിന്തിപ്പിക്കുകയും അസ്വസ്ഥതപ്പെടുത്തുകയും ചെയ്യുന്നുവെന്നതാണ് യാഥാർത്ഥ്യം. പൊറള്, പറയപ്പതി തുടങ്ങിയ കഥാസമാഹാരങ്ങളിലെ കഥകൾ ആസ്വാദകരിൽ കുറേയേറെ ചോദ്യങ്ങളും വീർപ്പുമുട്ടലുകളും സൃഷ്ടിക്കുന്നത് കാണാം. ഇദ്ദേഹത്തിൻറെ കഥകൾ ആവിഷ്കാരം കൊണ്ടും ആശയം കൊണ്ടും പുതുതലമുറ വായിച്ചിരിക്കേണ്ട ചെറുകഥകളാണെന്ന് നിസംശയം പറയാം.

തൊട്ടുകൂടായ്മകളുടെയും അയിത്തത്തിൻറെയും പേരിൽ മനുഷ്യൻ മനുഷ്യനെ അകറ്റിനിർത്തിയിരുന്ന കാലഘട്ടം സാഹിത്യത്തിൽ പലപ്പോഴായി അടയാളപ്പെടുത്തിയിട്ടുണ്ട്. മണ്ണിൻറെ ഉടമകളായിരുന്നവർ പിന്നീട് അടിയാളന്മാരായതും

, അടിമക്കച്ചവടവും, പുലത്തിൻറെ ഉടയോനായ പുലവൻ അയിത്തജാതിക്കാരനായതും എല്ലാം ഇന്ന് ചരിത്രം മാത്രമാണ്. ഇത്തരം ഇരുണ്ടചരിത്രങ്ങൾ ആധുനിക വിദ്യാഭ്യാസം , രാഷ്ട്രീയ ഇടപെടലുകൾ, ഭരണഘടനാസംവിധാനം കൊണ്ടെല്ലാം ഓർമ്മകളായി മാറിയിരിക്കുന്നുവെന്ന് പൊതുവെ പറഞ്ഞുവയ്ക്കാറുണ്ട്. കേട്ടുമറന്ന പല കഥകളും ചരിത്രവും പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളുമെല്ലാം കഥകളായി പരിണമിക്കാറുണ്ട്. എഴുത്തുകാരൻ ഉപയോഗിക്കുന്ന ഭാഷയും കഥ പറയുന്ന രീതിയുമാണ് വായനക്കാരനെ ആഴത്തിൽ ചിന്തിപ്പിക്കുന്നതിന് പ്രേരിപ്പിക്കുന്നത്. ചരിത്രവും യാഥാർത്ഥ്യവും വ്യക്തമായി അറിയാമെങ്കിലും ചില കഥകൾ സഹൃദയനിൽ ആഘാതം സൃഷ്ടിക്കാറുണ്ട്. ഇത്തരത്തിൽ ചിന്തിപ്പിക്കുകയും ആഘാതം സൃഷ്ടിക്കുകയും ചെയ്യുന്ന കഥകളാണ് പൊറാള്, പറയപ്പതി, നോവൽസാഹിത്യം, അക്ഷരനഗരം, നോവെഴുത്ത് തുടങ്ങിയവ. മുഖ്യധാരയിൽ നിന്നും ഒരുകാലത്ത് മാറ്റിനിർത്തപ്പെട്ട/സാമൂഹികമായ ഇകഴ്ത്തലുകളേറെ അനുഭവിച്ച ദളിത് സമൂഹത്തിനും പ്രത്യേകിച്ച് മധ്യകേരളത്തിലെ പറയസമുദായത്തിനും അവരുടെ തനത് സംസ്കാരത്തിനും ഉണ്ടായ മാറ്റങ്ങൾ അടയാളപ്പെടുത്തുന്ന കഥകളാണിത്.

കുരുവിള എന്ന ജന്മിയുടെ ആശ്രിതനായ നീലൻകുഞ്ഞിൻറെ മകൻ ചോതിയുടെ കാഴ്ചയിലൂടെയാണ് പൊറാള് എന്ന കഥ മുമ്പോട്ടുപോകുന്നത്. തൊട്ടടുത്ത രണ്ട് തലമുറകളുടെ കാഴ്ചപ്പാടുകളിലൂടെ കഥ ഒരു കാലഘട്ടത്തിൻറെ ചരിത്രം തന്നെ പറഞ്ഞുവയ്ക്കുന്നു. തൻറെ അധികാരം ഉപയോഗിച്ച് ഒരു കുടുംബത്തെ ഇല്ലാതാക്കിയ കുരുവിളയും, കീഴാളവംശത്തിൽ പിറന്നതുകൊണ്ടും സൗന്ദര്യം ഉണ്ടായതുകൊണ്ടും ജന്മിയുടെ തോക്കിന് ഇരയാവേണ്ടിവന്ന നല്ലപെണ്ണും, അയാളോട് എതിർത്ത് നിൽക്കാൻ കഴിയാതെ ചെയ്യാത്ത തെറ്റിന് ജയിൽവാസം അനുഭവിക്കേണ്ടിവന്ന നീലൻ കുഞ്ഞും ആദ്യതലമുറയുടെ പ്രതിനിധികളാണ്. അമ്മയെ ഇല്ലായ്മ ചെയ്ത തോക്കിൽ ഉണ്ടയില്ലെന്നറിഞ്ഞും അതിനെ ഭയത്തോടെ നോക്കുന്ന, എന്നാൽ സ്വന്തം സ്വത്വം പുറത്തു പറയാൻ മടിക്കുന്ന ചോതിയും, നശിച്ചുകൊണ്ടിരിക്കുന്ന ഭാഷയെയും ഭാഷയിലെ തെറിവാക്കുകളെയും കുറിച്ച് പഠിക്കാനെത്തുന്ന വിദേശിയായ പോളും, പുറമേ

പുരോഗമനവാദിയെന്ന് മേനി നടിക്കുകയും മനസ്സാലെ സവർണ്ണതയിൽ അഭിരമിക്കുകയും ചെയ്യുന്ന തമ്പി (കുരുവിളയുടെ മകൻ)യുമാണ് കഥയിലെ രണ്ടാം തലമുറയുടെ പ്രതിനിധികൾ. കാലം ഒരു ജനതയിൽ സൃഷ്ടിച്ച അപകർഷതയുടെയും ഭയത്തിൻറെയും ചരിത്രം രണ്ടു തലമുറയിൽപ്പെട്ട ഈ കഥാപാത്രങ്ങളിലൂടെ ഇവിടെ വിശദീകരിക്കപ്പെടുന്നു.

ശിവൻ പിറക്കാട് എന്ന എഴുത്തുകാരൻ കേന്ദ്രകഥാപാത്രമാകുന്ന കഥയാണ് നോവൽ സാഹിത്യം. ജീവിതമാണോ സാഹിത്യമാണോ സാധാരണക്കാരൻറെ യഥാർത്ഥ പ്രശ്നം എന്ന ചോദ്യം കഥ ഉയർത്തുന്നുണ്ട്. കഥയിലെ ശിവൻ പിറക്കാട് എന്ന കഥാകൃത്തും കുഞ്ഞുവറീത് എന്ന കവിയും മുഖ്യധാരാസാഹിത്യം സാധാരണക്കാരന് അന്യമാണെന്ന് അടിവരയിടുന്ന കഥാപാത്രങ്ങളാണ്. തൻറെ കവിതകൾ പുസ്തകരൂപത്തിലാക്കി സ്വയം വിൽക്കുന്ന കുഞ്ഞുവറീത് ഊമയും രോഗിയും അനാഥനുമാണെന്ന് എഴുത്തുകാരൻ ആസ്വാദകനെ അറിയിക്കുന്നുണ്ട്. ചെറിയ ഒരു മാഗസിനിൽ രണ്ടു വരി പ്രസിദ്ധീകരിച്ച് വരുമ്പോഴേക്കും അഹങ്കരിക്കുന്നവർക്കിടയിൽ കുഞ്ഞുവറീതും ശിവനും വ്യത്യസ്തനാവുന്നതെങ്ങനെയെന്നും അദ്ദേഹം കഥയിലൂടെ വായനക്കാരനെ ഓർമ്മപ്പെടുത്തുന്നു.

വികസനത്തിൻറെ പേരിൽ സമൂഹത്തിൽ നിന്നും ഇല്ലാതാവുന്ന ഒരുകൂട്ടം മനുഷ്യരുടെ പ്രതിനിധിയാണ് പറയപ്പതി എന്ന കഥയിലെ കേന്ദ്രകഥാപാത്രം കുഞ്ഞാളി . റെയിൽപ്പാതയ്ക്കായി സ്ഥലം വിട്ടുനൽകി കിടപ്പാടം നഷ്ടപ്പെടുന്ന ഒരു ജനതയുടെ വിഷമങ്ങൾ മുഖ്യധാരയുടെ പത്രമാധ്യമങ്ങൾക്ക് ഒരു സെൻസേഷണൽ വാർത്തയല്ല എന്ന തിരിച്ചറിവ് കഥയിലെ കേന്ദ്രകഥാപാത്രമായ പത്രപ്രവർത്തകനിൽ വലിയ ഞെട്ടലുണ്ടാക്കുന്നുണ്ട്. അദ്ദേഹവും കുഞ്ഞാളി ഉൾപ്പെടുന്ന പറയസമുദായത്തിൽപ്പെട്ട വ്യക്തിയാണെന്നതാണ് കാര്യം. എഡിറ്റർ പ്രാധാന്യം കൊടുക്കുന്ന വാർത്തകളെല്ലാം മുഖ്യധാരയുടെ താൽപര്യങ്ങളും സർക്കാരിൻറെ പദ്ധതികളുമാണെന്നത് കഥയിൽ സൂചിപ്പിക്കുന്നുണ്ട്. അരികുവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ ജീവനും ജീവിതവും സർ

ക്കാരിൻറയോ മുഖ്യധാരയുടെയോ പരിഗണനയിലില്ലെന്നത് സമകാലിക സാഹചര്യങ്ങളിൽ നിന്നും നമുക്ക് തിരിച്ചറിയാവുന്നതാണ്.

**മരണപ്പെടുന്ന ഭാഷയും അപമാനിക്കപ്പെടുന്ന സ്വത്വവും**

മരിച്ചുകൊണ്ടിരിക്കുന്ന ഒരു ഭാഷയുടെ നിഗൂഢരഹസ്യങ്ങൾ പൊറള് എന്ന കഥയിലൂടെ എഴുത്തുകാരൻ ആവിഷ്കരിക്കുന്നുണ്ട്. മധ്യകേരളത്തിലെ പറയസമുദായത്തിലെ പൊറള് ഭാഷ തന്നെയാണ് കഥയെ ആകർഷകമാക്കുന്നത്. ലിപിയില്ലാത്ത സംസാരഭാഷയാണിത്. 'എൻറെ ഭാഷ എൻറെ അഭിമാനമാണെ'ന്ന് സവർണ്ണൻ ഉറക്കെ വിളിച്ചു പറയുന്നതുപോലെ ദളിതർക്ക് സാധിക്കാത്തത് കാലങ്ങളായി ആ വിഭാഗങ്ങൾ അനുഭവിച്ചുവരുന്ന പീഡനങ്ങളുടെ ബാക്കിപത്രമാണ്. സവർണ്ണൻറെ ചൂഷണങ്ങൾക്കും പരിഹാസങ്ങൾക്കും മുൻപിൽ സ്വത്വം നഷ്ടപ്പെടുന്ന ദളിതൻറെ ഭാഷ സ്വാഭാവികമായും നശിച്ചുകൊണ്ടിരിക്കുകയാണെന്ന് പറയാം. ദളിതൻ റെ ഭാഷ പലപ്പോഴും മേൽത്തട്ടുകാർക്ക് തെറിവാക്കുകളാണ്. നശിച്ചുകൊണ്ടിരിക്കുന്ന ഭാഷയെക്കുറിച്ച് പഠിക്കാൻ വിദേശത്ത് നിന്നെത്തുന്ന പോളിന് കുരുവിളയുടെ ഗ്രന്ഥശേഖരത്തിൽ നിന്നും അടിമക്കച്ചവടം നടത്തിയ പ്രമാണം ലഭിക്കുന്നതും ശേഷം അയാളുടെ പ്രതികരണവും സവർണ്ണമനോഭാവത്തെ കുറിക്കുന്നതാണ്.

'ജ്യോതീ, നീയിതു കണ്ടോ... ഇറ്റീസ് റിയലി...'

ബാക്കിപറയാൻ വാക്കുകൾ കിട്ടാതെ അയാൾ വിഷമിച്ചു.

ഞാനാ ഫയൽ വാങ്ങി നോക്കി. അതൊരു പഴയ പ്രമാണമായിരുന്നു. കുരുവിള സാറിൻറെ മുൻതലമുറയിലെ ഏതോ കാരണവർ ഒരു പറയനെ ഒമ്പതുപറ നെല്ലിനു പണയം വാങ്ങിയ രേഖകളായിരുന്നു അത്. അതിലിങ്ങനെ എഴുതിയിരുന്നു :

'പോളതാഴത്ത് മാതുപൈലി എഴുത്തു മലേക്കരിശുപള്ളി കായ്ക്കാരെ ബൊധിക്കക്കൊണ്ടും തൻ അവസ്ഥ എന്നാൽ, എൻറെ ഒഴത്തിൽ ഉള്ള വെള്ള എന്ന പറയനെ പണയം തന്നു മേടിച്ചു നെല്ലു ഒൻപത് പറയ്ക്ക് ഒൻപതിന് മൂന്ന് ! പലിശയും കൂടി തന്നു ശീട്ടുമേടിച്ചു കൊൾകയും ഈ അവധിയ്ക്ക് തന്നില്ലെങ്കിൽ

പണയം എഴുതിയ ആളെ ഒഴാത്തിൽ എറക്കി തന്നിരിക്കൊണ്ടു കൂട്ടിച്ചു കൊണ്ടുപോന്ന ചെയ്യിയ്ക്കുണ്ടെന്നതിതന്ന ശോദ്യവുമില്ല.'

പൊടിഞ്ഞുതീരാറായ ആ കടലാസുകഷ്ണം എൻറെ കൈയിലിരുന്ന് വിറച്ചു. പണ്ടെന്നോ എഴുതപ്പെട്ട പ്രമാണം എൻറെ ചോരയിൽ തൊടുന്ന പോലെ തോന്നി. ഞാൻ ആലോചനകളോടെ മണ്ണിലിരുന്നു. എനിക്കരികിൽ ഇരിക്കുമ്പോൾ പോൾ തോബിയാസ് മറന്ന ആ വാക്ക് ഓർത്തെടുത്തു.

'റിയലി ഇൻററസ്റ്റിങ്...'

ഞാനത് വീണ്ടും വീണ്ടും വായിച്ചുനോക്കി. അക്കാലത്തെ പ്രമാണഭാഷ. അടിമ കച്ചവടത്തിൻറെ ഭാഷ[1].

ഭാഷയുടെ അനന്ത സാധ്യതകളെപ്പറ്റി പോൾ ചിന്തിച്ച് അത്ഭുതപ്പെടുമ്പോൾ തൻറെയും പൂർവ്വികരുടെയും ജീവിതാവസ്ഥയാണ് ചോതിയെ ഞെട്ടിക്കുകയും തളർത്തുകയും ചെയ്യുന്നത്. കാലങ്ങളായി ഒരുവിഭാഗം മറ്റൊരു വിഭാഗത്തെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നതിൻറെ രേഖകൾ സൂക്ഷിച്ചിരിക്കുന്നതും ഭാഷയിലാണെന്നത് ഇവിടെ ശ്രദ്ധേയമാണ്.

നീലൻകുഞ്ഞും നല്ല പെണ്ണും തമ്മിലുള്ള സംഭാഷണത്തിലൂടെയാണ് കഥയുടെ പൊരുൾ കഥാകാരൻ വ്യക്തമാക്കുന്നത്. ഇത് പൂർണ്ണമായും പൊറള് ഭാഷയിലാണ് അദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നത്.

'വല്യവൽത്തേല് കെടപ്പായെടീ. ഇന്നോ നാളെയോ എന്ന മട്ടാ. ഇനി ഇങ്ങോട്ടൊന്നും ചൊണ്ണിക്കില്ല. അതേതായാലും നന്നായി. ആ മോറു കാണണ്ടല്ലോ. മ്മടെയീ കോന്ത അവരടെ ഔദാരിയാണെന്ന്! എത്താളിയൊണ്ട്. അത് വെർതെയാ. നമ്മ ദെണ്ണിച്ചതാ മുയ്യൻ. നാല് വെങ്ങണിക്ക, ച്ചിരി പേട, മൂന്ന് ചോട് നെടുവാലി, കൊറച്ച് മരപ്പ, തോട്ടീന്ന് ! ഒറ്റപ്പിടി ചെതമ്പ, പിന്നെ ച്ചിരി ഞോർണി. അത് മെറ്റിയാ മ്മടെ കൊങ്കരമുട്ട് നെറഞ്ഞു. അതോടെ മ്മള് അങ്കണതാനും പെങ്കണത്തിക്കും ജീവിതോയി. മ്മടെ കിണ്ടമ്പുകളും അതേ മട്ട്. പെങ്കണത്തികൾക്ക് കൊള്ളവാ നിറയെ പൊലമ്പണം. നൊണത്തൻ ച്ചമ്മാ ഇരിക്കേല. അങ്കണതാൻമാർക്ക് മണ്ണത്ത്പോണം. പൊറുന്തി നെറയെ അനമ്പ് കേറ്റണം

. അല്ലേ കാരനമ്പ്. പൊറങ്ങ് കരിഞ്ഞല്ലേ ചാവ് മുയ്വൻ. ഓരോ ചോക്രാളിയാണ്. പെരണ്ടനം പെരണ്ടത്തീം എന്തായീ മിച്ചണേന്നാവും കിണമ്പ് ഓർക്കണേ... അല്ലേ നല്ലപെണ്ണേ... നീയെന്താണ് ഇങ്ങനെ... നെൻറെ മിളിന്തി നിറയണല്ലോ. വേണ്ട, വേണ്ട... ഒന്നമോർത്ത് ദണ്ണം വേണ്ട. ഒക്കെയും തലവരയെടീ... തലവര'[2].

സ്വന്തം ജീവിതവും കുടുംബവും നശിപ്പിച്ച കുരുവിളയോടുള്ള അടങ്ങാത്ത പക കുറേ വാക്കുകളിലൂടെ നീലൻകുഞ്ഞ് പറഞ്ഞ് തീർക്കുന്നുണ്ട്. തൻറെ ജനതയെ ഇല്ലായ്മ ചെയ്ത ജന്മിവർഗ്ഗത്തോടുള്ള ഓരോ ദളിതൻറെയും പ്രതികരണമായി ഈ സംഭാഷണത്തെ വായിച്ചെടുക്കാം. സവർണ്ണൻറെ രതി താൽപര്യങ്ങളും അതിൽ നഷ്ടപ്പെട്ടുപോയ തൻറെ ഭാര്യയുടെ ജീവനും അടിമയാക്കപ്പെട്ട സ്വന്തം ജീവിതവും എല്ലാം ഓർക്കുംതോറും അയാളുടെ പക ഇരട്ടിക്കുന്നത് കാണാം. കഥയുടെ തുടക്കത്തിൽ തന്നെ കഥാകാരൻ എഴുതിച്ചേർത്തിരിക്കുന്ന ഒരു ചൊല്ല് ഇവിടെ ശ്രദ്ധേയമാകുന്നുണ്ട്.

'എറിഞ്ഞും കൊല്ലാം പറഞ്ഞും കൊല്ലാം

എറിഞ്ഞു കൊന്നാൽ ചാവും പറഞ്ഞുകൊന്നാൽ പിടഞ്ഞേ ചാവൂ'[3]

ഈ വരികൾ മരിച്ചപോയ നല്ലപെണ്ണ്, നീലൻകുഞ്ഞിൻറെ ചെവിയിലോതി കൊടുക്കുന്നുണ്ട്. വാക്കിനേക്കാൾ മൂർച്ചയുള്ള മറ്റൊരു ആയുധമില്ലെന്ന് ഓരോ ദളിതനോടും കഥാകാരൻ പറഞ്ഞുറപ്പിക്കുകയാണിവിടെ. അത്തരത്തിൽ പറഞ്ഞു കൊല്ലാനുള്ള ദളിതൻറെ അവകാശമായി കഥയിലെ 'വിളിച്ചുചൊല്ലൽ' മാറുന്നുണ്ട്. അതുവരെ ഒരു ജനതയുടെ സ്വപ്നങ്ങളും അദ്ധ്വാനവും ജീവിതവും ചൂഷണം ചെയ്ത് ഇല്ലാതാക്കി ആസ്വദിച്ച ഒരു വിഭാഗത്തെ പെട്ടെന്നുള്ള മരണത്തിലേക്ക് തള്ളിവിടാൻ വാക്കുകൾ കൊണ്ടുള്ള വേദനയാണ് നൽകേണ്ടതെന്ന് പറയുന്നു. ഒറ്റയടിക്ക് ചാവാതെ പിടഞ്ഞ് വേദനയറിഞ്ഞ് ചത്താലെ തങ്ങൾ അനുഭവിച്ച വേദനയുടെ ചെറിയൊരു അംശമെങ്കിലും ആവൂ എന്ന സൂചന കഥ നൽകുന്നുണ്ട്. മരണം കാത്തുകിടക്കുന്ന കുരുവിളയെ വിളിച്ചുചൊല്ലാനായി ക്ഷണിക്കപ്പെടുന്ന നീലൻകുഞ്ഞ് തെറിവാക്കുകളേക്കാൾ ഉപയോഗിക്കുന്നത് കുറച്ച് ചോദ്യങ്ങളാണ്. അതുവരെ ഒരു

ജനതയ്ക്ക് തലയുയർത്തി ചോദിക്കാൻ കഴിയാതിരുന്ന ചോദ്യങ്ങളാണ് അവർക്കുവേണ്ടി നീലൻകുഞ്ഞിലൂടെ കഥാകാരൻ ചോദിക്കുന്നത്.

'വേദനയുണ്ടോ സാറേ...? സാരമില്ല, ശരീരമല്ലേ, നന്നായി വേദനിക്കും. എന്നാലും എന്നെപ്പോലുള്ളവരുടെ ജീവിതവേദനയോളം വരില്ല ഈ മരണവേദന'

മുന്നോട്ടാഞ്ഞിരുന്ന ചാച്ചൻറെ ചുണ്ടുകൾക്കിടയിൽ നിന്നും ഒരു ചോദ്യം കൂടി എടുക്കാത്ത നാണയം പോലെ താഴെ വീണുചിലമ്പി:

'ഞങ്ങളെ എത്ര പറ നെല്ലിനാണ് പണയം വാങ്ങിയത് ?'

'എത്ര പലിശ ?' 'എത്ര കുടുന്ത ?'

'ഒരു തെറിവാക്കുകൊണ്ട് തീരുമോ സാറേ ഈ കടം ? കഥ ?' [4]

നീലൻകുഞ്ഞിൻറെ ഈ ചോദ്യങ്ങൾക്കു മുന്നിൽ സ്തബ്ധനായ കുരുവിള മരണത്തിലേക്കും അതുവരെ അടക്കിവച്ച വികാരങ്ങളെല്ലാം ചോദ്യങ്ങളായി ജന്മിയുടെ ഹൃദയത്തിൽ മുറിവേൽപ്പിച്ച നിർവൃതിയോടെ നീലൻകുഞ്ഞ് പുറത്തേക്കും സഞ്ചരിക്കുന്നത് കാണാം. എറിഞ്ഞുകൊല്ലുന്നതിനേക്കാൾ എത്രയോ വേദനയാണ് പറഞ്ഞുകൊല്ലുന്നതിനെന്നും മറ്റ് ഏത് ആയുധത്തിനേക്കാളേറെ പ്രഹരശേഷി വാക്കിനുണ്ടെന്നും ഇതിലൂടെ എഴുത്തുകാരൻ ഉറപ്പിക്കുന്നു.

'വല്യവൽത്തേല് അടുത്ത് തന്നെ ചാകുമെടീ. അതിനുമുമ്പ് എനിക്കൊന്ന് അവിടെ വരെ പോകണം. ഈ കൈകൾ കൊണ്ട്... നീ പറ നല്ല പെണ്ണേ, എങ്ങനെ ചെറയ്ക്കണം നായിനെ...'

അപ്പോൾ ഞാറ്റുപാട്ടിൻറെ ഈണത്തിൽ അമ്മയുടെ ശബ്ദവും കേട്ടു :

'എറിഞ്ഞും കൊല്ലാം, പറഞ്ഞും കൊല്ലാം

എറിഞ്ഞു കൊന്നാൽ ചാവും, പറഞ്ഞുകൊന്നാൽ പിടഞ്ഞേ ചാവൂ'[5]

തൻറെ ഭാര്യയെ കൊന്നവനോടുള്ള /അവൻറെ അധികാരത്തോടുള്ള നീലൻകുഞ്ഞിൻറെ പ്രതിഷേധവും മരിക്കാറായി കിടക്കുന്ന (ശക്തി ക്ഷയിച്ച) കുരുവിളയോട് തൻറെ ശത്രുത തീർക്കാമെന്ന അയാളുടെ ചിന്തയും നല്ല പെണ്ണിലൂടെ കഥാകാരൻ തിരുത്തുന്നുണ്ട്. ഒറ്റയടിക്കുള്ള മരണത്തിന് മൂർച്ചയില്ലെന്നും ചോദ്യങ്ങൾക്കു മുന്നിൽ ഉത്തരം മുട്ടിച്ച്,

അതുവരെ ചൂഷണം ചെയ്ത ജനതയിൽ നിന്നും ആദ്യമായി അഭിമുഖീകരിക്കേണ്ടിവരുന്ന ചോദ്യങ്ങളാണ് അയാളെ കൊല്ലേണ്ടതെന്നും തീരുമാനിക്കുന്നത് കാലഘട്ടത്തിൻറെ തിരിച്ചടിയാണ്. ഒരു വിഭാഗത്തിലെ കുറേ തലമുറകളെ അടിമകളാക്കിയ രേഖകൾ ഇപ്പോഴും സൂക്ഷിക്കുന്ന കുരുവിളയോട് ചോദിക്കേണ്ടത് തങ്ങൾക്ക് നൽകേണ്ടിവന്ന വിലയും അതുണ്ടാക്കിയ സാഹചര്യത്തെയും തന്നെയാണ്. കാലങ്ങളായി ആ വീട്ടിലെ പണിക്കാരായ തങ്ങളുടെ അദ്ധ്വാനം കൊണ്ട് സമ്പാദിച്ചതൊക്കെയും അനുഭവിച്ച് വാർദ്ധക്യത്തിൽ കൂടുതൽ നരകിക്കാതെ തെറിവാക്കുകൾ കേട്ട് സുഖമരണം പ്രതീക്ഷിക്കുന്ന കുരുവിളയ്ക്കും ബന്ധുജനങ്ങൾക്കും വലിയൊരു ഞെട്ടലാണ് ഈ ചോദ്യങ്ങൾ സൃഷ്ടിക്കുന്നത്.

നീലൻകുഞ്ഞിൻറെയും നല്ല പെണ്ണിൻറെയും സംസാരത്തിലൂടെ പൊറള് ഭാഷാപദങ്ങൾ കഥയിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. വൽത്തേൽ, മോറ്, കോന്ത, എത്താളി, ചെതമ്പ, മെറ്റുക, പെങ്കണത്തി, അങ്കണത്താൻ, കിണമ്പ്, ഉറ്റാവ്, മിച്ചല്, മിളിന്തി, ചെറയ്ക്കുക, കാരനമ്പ് തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ഇന്ന് മുഖ്യധാരയിൽ കേൾക്കാത്ത പദങ്ങളാണ് ഇവയെന്നത് ശ്രദ്ധേയമാണ്. നശിച്ചുകൊണ്ടിരിക്കുന്ന ഭാഷയെക്കുറിച്ച് ഗവേഷണം നടത്തുന്ന പോളിന് നീലൻ കുഞ്ഞിൻറെയും നല്ലപെണ്ണിൻറെയും സംസാരം വളരെ രസകരമായി തോന്നുന്നുണ്ട്. അദ്ദേഹം ചോതിയോട് ആഫ്രിക്കയിലെ ഗോത്രവർഗ്ഗക്കാരുടെ ഭാഷയെയും സംസ്കാരത്തെയും കുറിച്ച് സംസാരിക്കുന്നത് ഈ സന്ദർഭത്തിലാണ്. 'ഒക്കെയും കഥയാണ്, പറയുന്നവർക്കും കേൾക്കുന്നവർക്കും, എന്നാൽ കഥയിൽ ജീവിക്കുന്നവർക്ക് അങ്ങനെയല്ല'[6] എന്ന ചോതിയുടെ വാക്കുകൾ ഇവിടെ ചേർത്തുവായിക്കേണ്ടിയിരിക്കു ന്നു . ഒരു കാലഘട്ടത്തിൻറെ ചൂഷണങ്ങളുടെ കഥ അനുഭവസ്ഥർ അവരുടെ ഭാഷയിലൂടെ പങ്കുവയ്ക്കുമ്പോൾ അത് കേൾക്കുന്നവരുടെ ആകാംക്ഷ പോളിലൂടെ കഥാകാരൻ പങ്കുവയ്ക്കുന്നു. ഭാഷയുടെ രണ്ട് വശങ്ങളെ ഇവിടെ നമുക്ക് കാണാൻ കഴിയുന്നു.

**തെറിവാക്കുകളുടെ രാഷ്ട്രീയം**

ചില വാക്കുകൾക്ക് ഒരിക്കലും മുഖ്യധാരയിലേക്ക് പ്രവേശനം ലഭിക്കാറില്ല. മനുഷ്യൻറെ മനസ്സിനകത്ത് മാത്രം നിൽക്കുന്ന എന്നാൽ പരസ്യമായി പറയാൻ മടിക്കുന്ന ചില പ്രത്യേക സമയത്ത് മാത്രം പ്രയോഗിക്കുന്ന അത്തരം പദങ്ങളെ തെറിവാക്കുകൾ എന്ന് വിശേഷിപ്പിക്കുന്നു. എന്നാൽ ഇത്തരം വാക്കുകൾ മുഖ്യധാരയുടെ ഭാഗമല്ലാത്തതിനാൽതന്നെ ദളിത് വിഭാഗത്തോട് ചേർത്താണ് ഇന്നും ഉപയോഗിക്കാറുള്ളത്. അവരുടെ നിത്യോപയോഗ പദങ്ങളെല്ലാം മുഖ്യധാര പലപ്പോഴും തെറിവാക്കുകളായി പരിവർത്തനപ്പെടുത്താറുണ്ട്. ദളിതൻറെ കുടിൽ എന്ന അർത്ഥത്തിൽ അവർ ഉപയോഗിക്കുന്ന ചെറ്റ എന്ന പദം മുഖ്യധാര ഒരു തെറിവാക്കായി മാത്രം പരിഗണിക്കുന്നത് ഇതിനൊരുദാഹരണം മാത്രമാണ്. 'ഒരു ഭാഷയിൽ ജീവിക്കുന്നവർക്ക് അവരുടെ രോഷവും സങ്കടവും നിസ്സഹായതയും പ്രകടിപ്പിക്കാൻ വേറെന്തു വഴി ?'[7] വിദേശിയായ പോൾ ചോതിയോട് തെറിവാക്കുകളുടെ ഭാഷയിലെ ആവശ്യകതയെപ്പറ്റി സംസാരിക്കുമ്പോൾ പറയുന്നതാണിത്. അടിച്ചമർത്തപ്പെടുന്ന ജനതയ്ക്കാണ് രോഷവും സങ്കടവും നിസ്സഹായതയും ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ ഇത്തരം വാക്കുകൾ എപ്പോഴും ദളിതരുമായി ബന്ധപ്പെട്ട് നിൽക്കുന്നു. എന്നാൽ അവരുടെ ഓരോ നിത്യോപയോഗ വാക്കുകളും മുഖ്യധാര തെറിവാക്കുകളായി പരിവർത്തനപ്പെടുന്നു. പുരോഗമനവാദികൾ എന്ന് മേനി നടിക്കുന്ന മുഖ്യധാരയിലെ മനുഷ്യരാണ് ഇത്തരം പദങ്ങളെ തെറിവാക്കുകളായി ഉപയോഗിക്കുന്നതെന്നത് ശ്രദ്ധേയമാണ്. സഭ്യത മുഖമുദ്രയെന്ന് സ്വയം വിശേഷിപ്പിക്കുന്ന ഒരു വിഭാഗം അസഭ്യമെന്ന് കരുതുന്ന ഓരോ പദങ്ങളും കൂടി ഉൾപ്പെടുന്നതാണ് മലയാള ഭാഷ എന്ന് ഈ കഥ ഓർമ്മപ്പെടുത്തുന്നുണ്ട്.

പോൾ ചോതിയോട് മലയാളത്തിലെ തെറിവാക്കുകളെക്കുറിച്ച് ചോദിക്കുന്ന സമയത്തുതന്നെ കനാലിൻറെ ഷട്ടർ തുറക്കുന്നതും കെട്ടിക്കിടന്ന മാലിന്യങ്ങളെല്ലാം കുത്തിയൊലിച്ച് പോകുന്നതും കഥാകാരൻ ആവിഷ്കരിക്കുന്നത് ദളിതൻറെ വികാരങ്ങൾ തന്നെയാണ്. കഥയിലുടനീളം പോൾ മലയാളത്തിലെ തെറിവാക്കുകൾ പറഞ്ഞുകേൾപ്പിക്കണം എന്ന് ചോതിയോട് പറയുമ്പോൾ എന്തിനാണ് ചീത്തവാക്കുകൾ നല്ല വാക്കുകൾ മലയാളത്തിൽ ധാരാളമുണ്ടല്ലോ എന്നാണ് ചോതിയുടെ മറുപടി.

കഥാന്ത്യത്തിൽ കുരുവിളയോട് നീലൻകുഞ്ഞ് പറയുന്ന അടിമ – ഉടമ എങ്ങനെ ഉണ്ടായെന്ന കഥയും ശേഷം ചോദിക്കുന്ന ചോദ്യങ്ങളും കേട്ട ചോതി പോളിന് മലയാളത്തിലെ ചില്ലക്ഷരം ഉൾപ്പെടുന്ന അക്ഷരമാല എഴുതി നൽകുന്നുണ്ട്. മലയാളത്തിലെ ഈ അക്ഷരങ്ങളെല്ലാം ചേർന്നുതന്നെയാണ് മുഖ്യധാരയുടെ തെറിവാക്കുകൾ ഉണ്ടായതെന്ന് ഇവിടെ കഥാകാരൻ പറയാതെ പറഞ്ഞുവയ്ക്കുന്നു.

തങ്ങളുടെ ജീവിതം മുഴുവൻ അടിച്ചമർത്തിയ ജന്മിയ്ക്ക് മുന്നിൽ നിവർന്നു നിൽക്കാൻ ദളിതനുലഭിക്കുന്ന അപൂർവ്വം അവസരങ്ങളിലൊന്നായി കഥയിലെ 'വിളിച്ചുചൊല്ലൽ' മാറുന്നുണ്ട്. കേരളത്തിൻറെ ചരിത്രം പരിശോധിക്കുമ്പോൾ കാണുന്ന മണ്ണാപ്പേടി പുലപ്പേടി, തെയ്യക്കോലം തുടങ്ങിയ ആചാരങ്ങളും ഇതിനോട് ചേർത്ത് വായിക്കാം. ഇത്തരം സന്ദർഭങ്ങളിൽ മാത്രമാണ് ദളിതന് മുന്നിൽ മുട്ടുമടക്കുന്ന സവർണ്ണനെ കാണാനാവുന്നത്. സ്വന്തം ജനത കാലങ്ങളായി ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന പീഡനങ്ങളുടെ ചെറിയൊരു അംശമെങ്കിലും വേദന തിരിച്ച് കൊടുക്കാനായി എന്ന ചാരുതാർത്ഥ്യം ഈ സന്ദർഭത്തിൽ ദളിതനു ലഭിക്കുന്നുണ്ട്. മേലാളരുടെ മരണസമയത്ത് തെറിവാക്കുകളാൽ അവരെ യാത്രയാക്കാൻ നിയോഗിക്കപ്പെടുന്ന കീഴാളർ ആഫ്രിക്കയിലുമുണ്ടെന്ന് പോൾ വ്യക്തമാക്കുന്നുണ്ട്.

'മരണാസന്നനായ ഒരാളോട് ഭാഷയിലെ ഏറ്റവും മോശം വാക്കുകൾകൊണ്ട് അവർ യാത്ര പറയുന്ന ചടങ്ങാണ്. പുലയാട്ടുമുഴുവൻ മരണത്തെയാണ്. ഈ മനുഷ്യൻ ഇത്രയേറെ വിഷമിച്ചുകിടക്കുമ്പോൾ ഇറ്റ് ആശ്വാസം പകരാതെ നീ എവിടെപ്പോയി കിടക്കുന്നെടാ എന്ന് മരണത്തിൻറെ ചെവിയിൽ തെറിവിളിക്കുന്നു. ഭാഷയിലെ മോശം വാക്കുകകളൊക്കെ ഈ മനുഷ്യനൊപ്പം മരണം കൊണ്ടുപോകും എന്നാണുവിശ്വാസം. മരിക്കാൻ കിടക്കുന്ന മനുഷ്യൻ ചെയ്ത നന്മയും തിന്മയുമെല്ലാം അയാളുടെ ചെവിയിൽ വിളിച്ചുപറയുന്നു. അയാൾ അതിവേഗം മരണത്തെ പുൽകുന്നു' സായിപ്പ് പറഞ്ഞുനിർത്തിയപ്പോൾ അയാളുടെ കൈകകളിൽ നിന്നും എൻറെ കൈകൾ വലിച്ചെടുത്തുകൊണ്ട് ഞാൻ പറഞ്ഞു: 'അത് ഇവിടെയുമുണ്ട്. ഇവിടെ, കൃത്യമായി പറഞ്ഞാൽ മദ്ധ്യകേരളത്തിൽ . വല്യപ്രമാണിമാരും തറവാട്ടുകാരും വയസ്സായി മരിക്കാൻ കിടക്കുന്ന സമയത്ത് അവരെ

ആ വേദനയിൽനിന്നും മോചിപ്പിക്കാൻ ഈ ചടങ്ങ് നടത്തിയിരുന്നു, വളരെ രഹസ്യമായി. വിളിച്ചുചൊല്ലൽ എന്നായിരുന്നു പറഞ്ഞിരുന്നത്. അപൂർവ്വമായി ഇപ്പോഴുമുണ്ട്. മുമ്പ് ഉള്ളാടരായിരുന്നു ഇതിനു നിയോഗിക്കപ്പെട്ടവർ. പിന്നെ പുലയരും പറയരും ഏറ്റെടുത്തു. ചാച്ചൻ ചിലയിടത്തൊക്കെ പോയിട്ടുണ്ട്.'[8]

ജാതി കൊണ്ടും വർണ്ണം കൊണ്ടും വംശം കൊണ്ടും അധഃകൃതരെന്ന് മുദ്രകുത്തപ്പെടുന്ന വിഭാഗത്തിൻറെ അവസ്ഥകൾ അഥവാ സമാനമായ സംസ്കൃതി ഭൂഖണ്ഡങ്ങൾക്കിരുവശവും ഒരുപോലെയെന്ന് അറ്റുതപ്പെടുന്ന പോൾ കഥയെ സാർവ്വലൗകികതലത്തിലേക്ക് ഉയർത്തുന്നു.

**കീഴാളസ്വത്വം ഭാരമാകുന്ന പുതുതലമുറ**

കീഴാളസ്വത്വത്തെ പാടെ തിരസ്കരിച്ചുകൊണ്ട് സവർണ്ണസംസ്കാരത്തെ തന്നിലേക്കാവാഹിക്കുന്ന പുതിയ തലമുറയുടെ പ്രതിനിധിയാണ് ചോതി. തൻറെ അമ്മയെ കൊന്ന്, അച്ഛനെ ജയിലിലേക്കയച്ച കുരുവിളയുടെ കുടുംബത്തോട് ചോതി പുലർത്തുന്ന

മനോഭാവം കഥയിൽ ശ്രദ്ധേയമാണ്. കുരുവിളയുടെ മകൻ തമ്പി സ്നേഹത്തിലൂന്നിയ അധികാരത്തിലൂടെ അവനെ അടിമയാക്കുന്നുണ്ട്. ജ്യോതി എന്ന പേരുപോലും തമ്പി ചോതിയാക്കി മാറ്റുന്നതും തൻറെ മുൻതലമുറകളുടെ പേരുകളിലൂടെയും അവരെ പോളിന് പരിചയപ്പെടുത്തുന്നതിലൂടെയും തൻറെ സ്വത്വം ചോതിയെ വല്ലാതെ അസ്വസ്ഥമാക്കുന്നത് കാണാം.

അപ്പോൾ സായിപ്പ് എൻറെ നേരെ കൈ നീട്ടി. 'യങ് മാൻ, യുവർ ഗുഡ് നെയിം...?'

തമ്പിച്ചേട്ടനാണ് മറുപടി പറഞ്ഞത്. 'ചോതി'

എൻറെ പേരിൻറെ നട്ടുനിവർത്തി സായിപ്പ് ഉച്ചരിച്ചു: 'ജ്യോതി'.

അതുകേട്ട് തമ്പിച്ചേട്ടൻ ചിരിച്ചു. 'ഓ... ഞങ്ങൾക്കങ്ങനെ ഫാഷനൊന്നുമില്ല. ഇല്ലിയോടാ...

ഇവൻ ചോതി. ഇവൻറപ്പൻ നീലൻകുഞ്ഞ്. അപ്പൻറപ്പൻ കോന്നൻ. ഇവരൊക്കെ കാലങ്ങളായി ഇവിടുത്തെ പണിക്കാരാ. അവര് നട്ടുണ്ടാക്കിയതാ ഈ പറമ്പും പാടോം. ഇവനെ ഞങ്ങള് ഡിഗ്രിവരെ പഠിപ്പിച്ചു. ഇനി പഠിക്കുന്നില്ലെന്ന് അവൻ പറഞ്ഞു.

അതോടെ നിർത്തി.ഒരു ജോലിക്ക് പോടാന്ന് പറഞ്ഞാ കേക്കുകേല. അവനിങ്ങനെ എന്നെ ചുറ്റിപ്പറ്റി നിന്നാ മതിയെന്നാ തോന്നന്നെ...'[9]

തമ്പിയുടെ ഓരോ സംസാരത്തിലും ചോതിയും അവനുൾപ്പെടുന്ന കുടുംബവും തലമുറകളായി തങ്ങളുടെ അടിമകളാണെന്ന് അയാൾ പറയാതെ പറഞ്ഞുവയ്ക്കുന്നുണ്ട്. എന്നാൽ അതിനെതിരെ പ്രതികരിക്കാനോ പ്രതിരോധിക്കാനോ ആധുനികവിദ്യാഭ്യാസം നേടിയ ചോതി തയ്യാറാവുന്നില്ലെന്നത് പുതുതലമുറയുടെ സവർ ണ്ണതയെ പുൽകാനുള്ള അമിതമായ ആഗ്രഹത്തെ കുറിക്കുന്നു. അച്ഛൻറെയും അമ്മയുടെയും പൊറള് ഭാഷയിലുള്ള സംസാരം ശ്രദ്ധിക്കാനോ അതിനോട് പ്രതികരിക്കാനോ ചോതി തയ്യാറാവുന്നില്ല. സ്വന്തം സ്വത്വത്തിൽ നിന്ന് വ്യതിചലിച്ച് സവർണ്ണതയോട് ചേരാൻ ആഗ്രഹിക്കുന്ന പുതുതലമുറയെ ഇവിടെ കാണാൻ സാധിക്കുന്നു . അധികാരം കൊണ്ട് മുൻതലമുറയെ ചൂഷണം ചെയ്തുപോലെ പുതുതലമുറയെ സ്നേഹം നടിച്ച് അടിമകളാക്കുകയാണ് സവർണ്ണർ ചെയ്യുന്നതെന്ന് തമ്പി – ചോതി ബന്ധത്തിലൂടെ കഥാകാരൻ വ്യക്തമാക്കുന്നു. ചോതിയോട് ഇത് നീലൻകുഞ്ഞ് വിളിച്ചു പറയുമ്പോഴും ആ വാക്കുകൾക്ക് വില നൽകാൻ ചോതി തയ്യാറാവുന്നില്ല.

'എന്തിനാടാ മാപ്ലാരടെ കോണോൻ കഴുകാൻ നടക്കുന്നേ. മൈക്കാളൻമാരും വൽത്തോൻ മാരും കൊറേ ഒലത്തും. എടാ... നെന്നെ ഓരോന്നു പറഞ്ഞ് അവര് കൂടെ നിർത്തും. സ്നേഹം നടിക്കും. എന്നിട്ട് ചതിക്കും. അന്നുമിന്നും അങ്ങനെത്തന്നെയാടാ"[10]. ഒരേസമയം സ്വന്തം സ്വത്വത്തോട് നീതി പുലർത്താൻ കഴിയാതെ, തൻറെ പൂർവ്വികരെ അടിച്ചമർ ത്തിയ സവർണ്ണതയെ കുടഞ്ഞെറിയാൻ സാധിക്കാതെ നിസംഗനായി നിൽക്കുന്ന ചോതി പുതിയ കാലഘട്ടത്തിലെ പലരുടെയും പ്രതിനിധിയാകുന്നുണ്ട്. കഥാകാരൻറെ തന്നെ മറ്റൊരു കഥയായ പറയപ്പതിയിലെ കേന്ദ്രകഥാപാത്രത്തിൻറെ ചില ചെയ്തികളും ഇവിടെ ചേർത്തുവായിക്കേണ്ടതുണ്ട്. പത്രമോഫീസിൽ ജോലി ചെയ്യുന്ന കേന്ദ്രകഥാപാത്രം പതീക്കൊട്ടുപ്പിനിടയ്ക്ക് കുഞ്ഞാലിയോട് രഹസ്യമായി 'ഞാനുമൊരു പറയനാണെ'ന്ന് പറയുന്നതും അതിനുള്ള കുഞ്ഞാലിയുടെ 'ആരുമറിയണ്ട ഓഫീസിൽ അറിഞ്ഞാൽ രഹസ്യമായൊരു തീണ്ടൽ വരും' എന്ന മറുപടിയും പണ്ട് പരസ്യമായ

അയിത്തം ഇന്ന് രഹസ്യമായി ഓരോ സവർണ്ണൻറെ ഉള്ളിലും നിലനിൽക്കുന്നുവെന്ന് തെളിയിക്കപ്പെടുന്നു. പ്രസ്തുത കഥാപാത്രം തന്നെ കുഞ്ഞാളിയെയും സമുദായത്തെയും നിങ്ങൾ എന്ന് വിശേഷിപ്പിക്കുന്നതും അതിനുത്തരമായി ഞങ്ങൾ എന്ന കുഞ്ഞാളിയുടെ മറുപടിയും അയാളെ അസ്വസ്ഥനാക്കുന്നുണ്ട്. ഈ അസ്വസ്ഥത സ്വന്തം സ്വത്വം മോശമാണെന്നും അത് പുറത്തറിഞ്ഞാൽ ഒറ്റപ്പെട്ടുപോകുമെന്ന ഭയവുമാണ് സവർണ്ണതയെ ആഘോഷിക്കുന്നതിന് പുതുതലമുറയെ പ്രേരിപ്പിക്കുന്നതെന്ന് പറയാം. ചിന്തയിലും പ്രവൃത്തിയിലും സവർണ്ണതയെ താലോലിക്കുകയും എന്നാൽ പുരോഗമനമുഖം സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പുതുതലമുറയുടെ പ്രതിനിധിയാണ് കഥയിലെ തമ്പി എന്ന കഥാപാത്രം.

'മലയിലെ പണിക്കാരെല്ലാം കള്ളന്മാരെങ്കിലും സ്നേഹമുള്ളവരാണെന്ന് തമ്പിച്ചേട്ടൻ പറഞ്ഞുനിർത്തിയ നിമിഷം ഒരാൾ ഞങ്ങൾക്കുള്ള ഭക്ഷണവുമായി വന്നു. തമ്പിച്ചേട്ടൻ ഒന്നുവിളറി. പിന്നെ, വാതിൽക്കൽത്തന്നെ മടിച്ചുനിന്ന അയാളോട് 'വെച്ചിട്ടുപോടാ നാറീ' എന്ന് പറഞ്ഞു'[11]

സവർണ്ണതയുടെ എല്ലാ അധികാരബോധങ്ങളും ഉപയോഗിക്കുകയും എന്നാൽ പുരോഗമനമുഖം ലഭിക്കാനായി മാത്രം തൊഴിലാളി സ്നേഹം കാണിക്കുകയും എന്നാൽ തന്നോട് അടിമമനോഭാവം കാണിക്കുന്നവരെ അപമാനിക്കുകയും ചെയ്യുന്നതാണ് തമ്പിയുടെ സ്വഭാവസവിശേഷത എന്ന് ഈ സംഭാഷണത്തിൽ നിന്നും വ്യക്തമാകുന്നു. ചുരുക്കത്തിൽ ജാതിയില്ല, മതമില്ല, അയിത്തമില്ല എന്നെല്ലാം ഉറക്കെ വിളിച്ചുപറയുന്ന ഓരോ മനുഷ്യരുടെയുള്ളിലും ഇത്തരം അയിത്തചിന്തകൾ തന്നെയാണ് നിലനിൽക്കുന്നതെന്ന് ഇദ്ദേഹത്തിൻറെ കഥകൾ ഓർമ്മപ്പെടുത്തുന്നു. ഇന്ന് എന്തിലും ഏതിലും ജാതിയും മതവും തന്നെയാണ് ആധുനിക മലയാളിയെ മുന്നോട്ടുനയിക്കുന്നതെന്ന് പല വാർത്തകളും നമ്മെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്.

**ഉപസംഹാരം**

ദളിതൻറെ ഭാഷയും സംസ്കാരവും ഇന്നും മുഖ്യധാരയുടെ ഭാഗമായിട്ടില്ലെന്നു തന്നെ പറയാം. ഒരു തീണ്ടപ്പാടകലെ നിൽക്കുന്ന കലകളും സാഹിത്യവും

വാദ്യോപകരണങ്ങളുമെല്ലാം തിരസ്കരിക്കപ്പെട്ടുപോകുകയോ വരേണ്യവൽക്കരിക്കപ്പെട്ടു പോകുകയോ ചെയ്യുന്ന കാഴ്ചയാണ് ഇന്നുള്ളത്. മുൻഗാമികളെ അടിച്ചമർത്തിയ സവർണ്ണതയുടെ ചങ്ങല തകർക്കാൻ കഴിയാത്ത സ്വന്തം സ്വത്വത്തിൽ അഭിമാനിക്കാനോ നീതിപുലർത്താനോ കഴിയാത്ത ഒരു ജനതയാണ് ഇന്നുള്ളത്. ദളിതൻറെ ഭാഷയും സാഹിത്യവും സംസ്കാരവുമെല്ലാം ഒരു കൗതുകം സൃഷ്ടിക്കുന്നുവെന്നതിനപ്പുറത്തേക്ക് അത് ഇല്ലാതായികൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ. ഭരണഘടന ഉറപ്പുനൽകുന്ന സംവരണം പോലും സവർണ്ണൻറെ ഔദാര്യമായി കാണുന്ന, അതിൻറെ പേരിലുള്ള പരിഹാസങ്ങൾ നേരിടേണ്ടിവരുന്ന, ദളിത് വിഭാഗത്തിൽ പിറന്നതിൻറെ പേരിൽ എത്രമാത്രം കഴിവുണ്ടെങ്കിലും സംവരണം കിട്ടിയതിനാലാണെന്ന് അടക്കം പറച്ചിലുകൾ സജീവമാകുന്ന സമകാലിക സാഹചര്യത്തിൽ എങ്ങനെയാണ് സ്വന്തം സ്വത്വം അവൻ ഉയർത്തിപ്പിടിക്കുന്നതെന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. അതുകൊണ്ട് ഒരു ജനതയുടെ സംസ്കാരം തന്നെ വേരറ്റുപോകുന്നതിൻറെ പൂർണ്ണ ഉത്തരവാദികൾ ഇവിടുത്തെ സവർണ്ണബോധമാണെന്ന് പറയാം. നവോത്ഥാനമൂല്യങ്ങളിൽ ഊറ്റംകൊള്ളുന്ന കേരളത്തിലെ മുഖ്യധാരാസമൂഹത്തിന് സോഷ്യൽ മീഡിയകളിൽ പുരോഗമനമുഖം സൃഷ്ടിക്കാനല്ലാതെ ആത്മാർത്ഥമായി ജാതിരഹിത ജീവിതസാഹചര്യവും സമഭാവനദർശനവും സാധ്യമാകുന്നുണ്ടോ എന്ന ചോദ്യമുയർത്തികൊണ്ടാണ് ഈ കഥകൾ അവസാനിക്കുന്നത്. സാഹിത്യമെന്നത് വ്യവസ്ഥയോടുള്ള കലഹമാണെന്ന വസ്തുത സത്യാനന്തരകാലത്ത് ഉയർത്തിപ്പിടിക്കുന്ന ഇത്തരം കഥകൾ യാഥാർത്ഥ്യങ്ങളുടെ ക്രൗര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നത് പ്രതീക്ഷാർഹമാണെന്ന് പറയാം.

**കുറിപ്പുകൾ**

1. മനോജ് വെങ്ങോല. പൊറള്. പുറം. 13 – 14.
2. അതേ പുസ്തകം. പുറം. 16 – 17.
3. അതേ പുസ്തകം. പുറം. 9.

4. അതേ പുസ്തകം. പുറം. 28 - 29
5. അതേ പുസ്തകം. പുറം. 17.
6. അതേ പുസ്തകം. പുറം. 10.
7. അതേ പുസ്തകം. പുറം. 12.
8. അതേ പുസ്തകം. പുറം. 18 – 19.
9. അതേ പുസ്തകം. പുറം. 11.
10. അതേ പുസ്തകം. പുറം. 15.
11. അതേ പുസ്തകം. പുറം. 22.

**സഹായകഗ്രന്ഥങ്ങൾ**

- മനോജ് വെങ്ങോല. പറയപ്പതി. പെരുമ്പാവൂർ : യെസ്സ്പ്രസ് ബുക്സ്. 2022.
- മനോജ് വെങ്ങോല. വെയിൽ വിളിക്കുന്നു. പെരുമ്പാവൂർ : യെസ്സ്പ്രസ് ബുക്സ്. 2021.
- മനോജ് വെങ്ങോല. പൊറള്. കോഴിക്കോട് : മാതൃഭൂമി ബുക്സ്. 2022.
- രവികുമാർ, കെ. എസ്. കഥയുടെ കഥ. തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്. 2008.

ഡോ. രശ്മി എൻ.
നമ്പിയത്ത് ഹൗസ്
ചൂരക്കോട്, വല്ലപ്പുഴ
Mob : 9497 825 281
Email : rasminambiyath@gmail.com